**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1964 | 04.10.2011 - ലെ മറുപടിക്ക്

**നഗരസഭകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.ദാസൻ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ നഗരസഭകളുടെ തനത് വരുമാനം വർദ്ധിപ്പിക്കാൻ സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) | നഗരസഭകളുടെ തനത് വരുമാനമായ നികുതി പിരിവ് കുടിശ്ശിഖ സഹിതം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ എല്ലാ നഗരസഭ സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | കേരളത്തിലെ പല നഗരസഭകളിലും സെക്രട്ടറി തസ്തികയും എഞ്ചിനീയറിംഗ് തസ്തികകളും ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത് നഗരസഭയുടെ പദ്ധതി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഒഴിവുകൾ അടിയന്തിരമായി നികത്താൻ നടപടികൾ സ്വീകരിക്കുമോ ; | (ബി) | കേരളത്തിലെ ചില നഗരസഭകളിൽ സെക്രട്ടറി തസ്തികയും എഞ്ചിനീയറിംഗ് തസ്തികകളും ഒഴിഞ്ഞു കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത് പദ്ധതി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | കൊയിലാണ്ടി നഗരസഭയിൽ ജനകീയാസൂത്രണം കോ-ഓർഡിനേറ്റർ തസ്തികയിലേക്ക് എച്ച്.എസ്.എസ്. ഡിപ്പാർട്ട്മെന്റിൽ ജി.എച്ച്.എച്ച്.എസ്. ബേപ്പൂരിൽ നിന്നുള്ള അദ്ധ്യാപികയെ വിട്ടുനൽകാനുള്ള നടപടിയുടെ വിശദാംശം എന്തെന്നറിയിക്കാമോ ? | (സി) | കൊയിലാണ്ടി നഗരസഭയുടെ ജനകീയാസൂത്രണ പദ്ധതികൾ നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതിനാൽ ശ്രീമതി. പി.സി.കവിത, എച്ച്.എസ്.എസ്.ടി., ബേപ്പൂർ ഹയർ സെക്കണ്ടറി സ്കൂൾ, കോഴിക്കോട് എന്നയാളെ (04.01.2011-ന് ചേർന്ന സ്റ്റിയറിങ്ങ് കമ്മറ്റിയുടെ തീരുമാന പ്രകാരം) നിയമിക്കുന്നതിന് തീരുമാനിച്ചു. എന്നാൽ മേൽപറഞ്ഞ വ്യക്തി ഇതുവരെയും നഗരസഭയിൽ കോ-ഓർഡിനേറ്ററായി റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ